

THURSDAY 05/09/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/09/2024

1. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി'യുടെ ഭാഗമായി തിരുവനന്തപുരം സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടന കർമ്മം 11/09/2024 ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് മുഖ്യമന്ത്രി പി ണറായി വിജയൻ നിർവ്വഹിക്കുന്നു.

2. സംസ്ഥാന സർക്കാരിന്റെ നാലാം നൂറ് ദിന പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കതിർ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കുള്ള തിരിച്ചറിയൽ കാർഡിന്റെ സംസ്ഥാനതല വിതരണം ഉദ്ഘാടനം ഈ മാസം ഒമ്പതാം തീയതി മൂന്നു മണിക്ക് അങ്കമാലി സിഎസ്ഐ ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു. അങ്കമാലി എംഎൽഎ റോജി എം ജോൺ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ചാലക്കുടി എം പി ബെന്നി ബഹനാൻ മുഖ്യാതിഥിയായിരിക്കും. കർഷകരെ ശാക്തീകരിക്കുക, സർക്കാർ പ്രവർത്തനങ്ങൾ ഒപ്ടിമൈസ് ചെയ്യുക, കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് വിപണികളുമായുള്ള ബന്ധം സുഗമമാക്കുക, അഗ്രി സ്റ്റാർട്ടപ്പുകൾക്കും എം എസ് എം ഇ കൾക്കും പിന്തുണ നൽകുക എന്നിവയാണ് കതിർ ആപ്പ് ലക്ഷ്യമിടുന്നത്.

3. കോഴിക്കോട് ജില്ലയിലെ കൃഷി ഭവനുകളിലേക്ക് 6 മാസത്തേക്ക് ഇൻറേൺഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു (മാസം 5000/- രൂപ വീതം). വി.എച്ച്. എസ് .സി (അഗ്രി) പൂർത്തിയാക്കിയവർക്കും. അഗ്രിക്കൾച്ചർ ഓർഗാനിക് ഫാർമിംഗിൽ ഡിപ്ലോമ പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. അപേക്ഷകർ 1/8/2024 ന് 18-41 പ്രായപരിധിയിൽ ഉള്ളവരായിരിക്കണം. 6/9/2024 മുതൽ 13/9/2024 www.keralaagriinterns.gov.in എന്ന പോർട്ടലിലൂടേയോ, കൃഷി ഭവൻ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്/പ്രിൻസിപ്പൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷി ഓഫീസ് എന്നിവിടങ്ങളിലേക്ക് ഓൺലൈൻ/ഓഫ്‌ലൈൻ ആയോ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വിവരങ്ങൾക്ക് കൃഷി ഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്

4. നെൽ വിത്ത് വിതച്ച് 55 ദിവസം മുതൽ 65 ദിവസം വരെ പ്രായമായ നെടുമുടി, എടത്വാ, കൈനകരി കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. നിലവിലുള്ള കാലാവസ്ഥ മുഞ്ഞയുടെ വ്യാപനത്തിന് അനുകൂലമാണ്. നെൽച്ചെടിയുടെ ചുവട്ടിൽ കൂട്ടമായിരുന്ന പൂർണ്ണ വളർച്ചയെത്തിയ മുഞ്ഞയും കുഞ്ഞുങ്ങളും നീരൂറ്റി കുടിക്കുന്നതുമൂലം നെൽച്ചെടികൾ മഞ്ഞളിക്കുകയും ക്രമേണ കരിഞ്ഞുപോകുകയും ചെയ്യുന്നു. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം ഒഴിവാക്കണം. പാടശേഖരങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിലും നെൽച്ചെടികളുടെ തിക്കം കൂടുതലും ഉള്ളതുമായ സ്ഥലങ്ങളിൽ ആക്രമണം രൂക്ഷമാകാൻ സാധ്യതയുണ്ട്. കൂടാതെ വ്യാപക കീടനാശിനികളുടെ ഉപയോഗം നടത്തിയിട്ടുള്ള പാടങ്ങളിൽ മിത്ര പ്രാണികളുടെ എണ്ണം ഗണ്യമായി കുറയുന്നതുമൂലം മുഞ്ഞയുടെ വംശവർദ്ധന ഉണ്ടാകുന്നതാണ്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരേയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. നിലവിൽ രാസകീടനാശിനികൾ പ്രയോഗിക്കേണ്ട സാഹചര്യം എവിടേയും ഇല്ല. മൂടിക്കെട്ടിയ കാലാവസ്ഥയിലും ഇടവിട്ട മഴയുള്ള സമയങ്ങളിലും മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ, ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. മുഞ്ഞയുടെ ലക്ഷണം കണ്ടാൽ സാങ്കേതിക സഹായത്തിനായി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ, നെല്ല് ഗവേഷണ കേന്ദ്രവുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2702683 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കാർഷിക സർവ്വകലാശാല കാർഷിക കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വഴുതന, മുളക്, പുതിന, മുരിങ്ങ കട്ടിങ്സ് എന്നിവ ലഭ്യമാണ്. വില്പന സമയം 9:00 മണി മുതൽ 4 മണി വരെ . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

6. കേരള വെറ്ററിനറി ആന്റ് അനിമൽസയൻസസ് സർവ്വകലാശാലയുടെ 2023-24 വർഷത്തെ വിവിധ പിജി സർട്ടിഫിക്കറ്റ്/ഡിപ്ലോമ വിദൂരവിദ്യാഭ്യാസ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. വെറ്ററിനറി ഹോമിയോപ്പതി, ഫാം ജേർണലിസം, പൗൾട്രി എന്റർപ്രണർഷിപ്പ്, എത്ത്നോഫാർമക്കോളജി, പെറ്റ്ഫീഡ്മാനുഫാക്ചറിങ് ടെക്നോളജി, ടോക്സിക്കോളജിക് പാത്തോളജി, ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി അഷ്വറൻസ്, ഡെയറി എന്റർപ്രണർഷിപ്പ്, അനിമൽ ഫോറൻസിക്സ്, പെറ്റ് ഗ്രൂമിങ് ഹെൽത്ത് ആന്റ് വെൽഫെയർ തുടങ്ങിപിജി,പിജിഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കാണ് അപേക്ഷക്ഷണിച്ചിരിക്കുന്നത്. യോഗ്യത സംബന്ധിച്ച കൂടുതൽവിവരങ്ങൾക്കും പ്രോസ്പെക്ടസിനും സർവ്വകലാശാലയുടെ വെബ്സൈറ്റായ www.kvasu.ac.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയ്യതി സെപ്റ്റംബർ 25. ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പായി പ്രോസ്പെക്ടസ് കൃത്യമായി വായിച്ചു മനസ്സിലാക്കേണ്ടതാണ്. അപേക്ഷിക്കുന്നവർ വെബ്സൈറ്റ് സ്ഥിരമായി നോക്കി വിവരങ്ങൾ അറിയണം, അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

7. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായ കാർഷികോത്സവത്തിന്റെ രണ്ടാം പതിപ്പ് കളമശ്ശേരി പ്രീമിയർ ജംഗ്ഷനിലെ ചാക്കോളാസ് പവലിയനിലെ വേദിയിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സെപ്തംബർ 7 മുതൽ 13 വരെ സംഘടിപ്പിക്കുന്നു. കളമശ്ശേരിയിലെ വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വ്യത്യസ്ത ഇനം വിളകളെ അടിസ്ഥാനമാക്കിയുള്ള 20 കാർഷിക സംഗമങ്ങളും സെമിനാറുകളുമാണ് സംഘടിപ്പിക്കുന്നത്. കൃഷി, വ്യവസായം, ടൂറിസം, സഹകരണം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും സ്റ്റാളുകൾ മേളയിലുണ്ടാകും. സഹകരണ ബാങ്കുകളുടെ സ്റ്റോളുകളും മേളയിൽ പങ്കെടുക്കും.

## പരിശീലന പരിപാടി

8. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'തീറ്റപ്പുൽകൃഷി' എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 9,10 തീയതികളിൽ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9496267464, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2024 സെപ്തംബർ മാസം 10-ാം തീയതി മുയൽ വളർത്തൽ എന്ന വിഷയത്തിലും സെപ്തംബർ 12-ാം തീയ്യതി കാട വളർത്തൽ എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ 09/09/2024 ന് 4 മണിക്ക് മുമ്പായി 0497- 2763473 എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിക്കുന്നു.